## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2424 18.06.2014-ൽ മറുപടിക്ക്

### എല്ലാവർക്കും കുടിവെള്ളം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മിഷൻ 676 ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം ലഭിക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) മിഷൻ 676 ൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി വലുതും ചെറുതുമായ 154 കുടിവെള്ള പദ്ധതികളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ 60 ശതമാനം ജനങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളം ലഭ്യമാകും. ജിക്ക സഹായത്തോടെയുള്ള മൂന്ന് വൻകിട പദ്ധതികളായ പട്ടുവം, കോഴിക്കോട്, ചേർത്തല എന്നിവയുടെ രണ്ടാംഘട്ട വിപുലീകരണം, കൊച്ചി നഗരത്തിനുള്ള ശുദ്ധജല വിപുലീകരണ പദ്ധതി, വിവിധ മുനിസിപ്പാലിറ്റികൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നിവ മിഷൻ 676 ൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതാണ്. കുടിവെള്ള വിതരണം സുഗമമാക്കാൻ പമ്പിംഗ് സ്റ്റേഷനുകൾക്ക് സമീപം തടയണകൾ നിർമ്മിച്ച് സ്രോതസ്സുകൾ |

ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 184 ഓളം തടയണകൾ 106.06 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം ഈ കാലയളവിൽ പൂർത്തിയാക്കുന്നതാണ്.

ജലനിധി രണ്ടാം ഘട്ട പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി 200 ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തെരഞ്ഞെടുത്ത 92 ഗ്രാമ പഞ്ചായത്തുകളിൽ ഇപ്പോൾ ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മഴവെള്ളത്തെ കിണറുകളിലേക്ക് റീ ചാർജ് ചെയ്ത് ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ മഴസമൃദ്ധി എന്ന പേരിൽ സംസ്ഥാനത്തെ 100 പഞ്ചായത്തുകളിൽ കിണർ റീ ചാർജ് പദ്ധതി മിഷൻ 676 ന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കും.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (സി) യും (ഡി) യും | സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ വാട്ടർ അതോറിറ്റിയിൽ സ്പെഷ്യൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചു കഴിഞ്ഞു. ജലനിധി രണ്ടാം ഘട്ട പദ്ധതിയിലൂടെ ലക്ഷ്യമിട്ട എല്ലാ പദ്ധതികളും ഗുണഭോക്തൃ സംഘങ്ങളും, ഗ്രാമപഞ്ചായത്തും, ഗ്രാമപഞ്ചായത്തുകളെ സഹായിക്കാനായി നിയോഗിച്ചിട്ടുള്ള സഹായ സംഘടനയും, കെ.ആർ.ഡബ്ല്യു. എസ്.എ.യുടെ ഉദ്യോഗസ്ഥരും ചേർന്നാണ് രൂപരേഖ തയ്യാറാക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ